# പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്, തിരുവനന്തപുരം
## (സാന്നിദ്ധ്യം : ശ്രീ.കെ.വി.മോഹൻകുമാർ ഐ.എ.എസ്)

വിഷയം : 2017-18 – സംസ്ഥാന പദ്ധതി – പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള തുക അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച് :-

സൂചന : 1) പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച 07/02/2017–ലെ പ്ലാൻ പ്രൊപ്പോസൽ

2) സർക്കാർ ഉത്തരവ് നമ്പർ.ഡി1/24/17/പൊ.വി.വ തീയതി.05/06/2017.

3) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച പ്രപ്പോസൽ.

**<u>ഉത്തരവ് നമ്പർ ഐ.ഇ.ഡി/42000/17/ഡി.പി.ഐ തീയതി :29/07/2017</u>**

സൂചന (1) പ്രകാരം 2017–18 വർഷത്തിലെ ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 2016–17 വർഷം നൽകിയ സാമ്പത്തിക സഹായം നൽകുന്നതിനുള്ള തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രപ്പോസലാണ് നൽകിയിട്ടുള്ളത്. സൂചന (2) പ്രകാരം പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന 40% മോ അതിലധികമോ വൈകല്യമുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സൂചന (1) പ്രകാരമുള്ള പ്രപ്പോസൽ അംഗീകരിച്ച് കൊണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 40% മോ അതിലധികമോ വൈകല്യമുള്ള ശ്രവണവൈകല്യം (HI), കാഴ്ചക്കുറവ് (VI), അസ്ഥിസംബന്ധമായ വൈകല്യം (OH), ഓട്ടിസം (Autism), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (MR) എന്നീ വിഭാഗം വിദ്യാർത്ഥികൾക്കാണ് സാമ്പത്തിക സഹായത്തിന് അർഹതയുള്ളത്.

| | | | |
|---|---|---|---|
| 1 | ബുക്ക് & സ്റ്റേഷനറി | 500 രൂപാ/പ്രതി വർഷം | ശ്രവണവൈകല്യം (HI), കാഴ്ചക്കുറവ് (VI), അസ്ഥിസംബന്ധമായ വൈകല്യം(OH), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (MR) ഓട്ടിസം (Autism) എന്നിവർക്ക് മാത്രം |
| 2 | യൂണിഫോം അലവൻസ് | 600 രൂപാ/പ്രതി വർഷം | ശ്രവണവൈകല്യം (HI), കാഴ്ചക്കുറവ് (VI), അസ്ഥിസംബന്ധമായ വൈകല്യം(OH), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (MR) ഓട്ടിസം (Autism) എന്നിവർക്ക് മാത്രം |

| | | | |
|---|---|---|---|
| 3 | ട്രാൻസ്പോർട്ട് അലവൻസ് | 750 രൂപാ/പ്രതി വർഷം | ശ്രവണവൈകല്യം (HI), കാഴ്ചക്കുറവ് (VI), അസ്ഥിസംബന്ധമായ വൈകല്യം(OH), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (MR) ഓട്ടിസം (Autism) എന്നിവർക്ക് മാത്രം |
| 4 | എസ്കോർട്ട് അലവൻസ് | 750 രൂപാ/പ്രതി വർഷം | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന മുഴുവൻ കുട്ടികൾക്കും (MR), ഓട്ടിസം കുട്ടികൾക്കും, 60% മോ അതിൽ കൂടുതലോ അസ്ഥി സംബന്ധമായ വൈ കല്യമുള്ള (OH) കുട്ടികൾക്കും, 75% മോ അതിൽ കൂടുതലോ കാഴ്ചക്കുറവ് (VI) ഉള്ള കുട്ടികൾക്കും മാത്രം |
| 5 | റീഡേഴ്സ് അലവൻസ് | 750 രൂപാ/പ്രതി വർഷം | ആറ് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന കാഴ്ചക്കുറവുള്ള (VI) കുട്ടികൾക്ക് മാത്രം |

സൂചന (3) പ്രകാരം പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള 40% മോ അതിലധികമോ വൈകല്യമുള്ള കുട്ടികളുടെ പട്ടിക സഹിതമുള്ള പ്രപ്പോസലുകളും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ട് നമ്പരുകളും 147 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ ചില ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുൻവർഷങ്ങളിലെ കുടിശ്ശിക തുക ലഭിക്കുന്നതിനും പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് 2017-18 വർഷത്തെ സാമ്പത്തിക സഹായം നൽകുന്നതിനുള്ള 5,59,96,550/- (അഞ്ചു കോടി അമ്പത്തൊമ്പതു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്റി അൻപത് രൂപാ മാത്രം) രൂപ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 67338098029 എസ്.ബി അക്കൗണ്ടിൽ നിന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

അനുവദിക്കപ്പെട്ട തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും, വരവ് ചെലവ് പത്രവും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ കയ്യൊപ്പ് സഹിതം 16/08/2017-ന് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ അതാത് ജില്ലയിലെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അനുവദിച്ച തുകയുടെ കൺസോളിഡേറ്റ് ധനവിനിയോഗ സാക്ഷ്യപത്രവും, വരവ് ചിലവ് പട്ടികയും അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ 16/8/2017-ന് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് 18% പലിശയോടുകൂടി ബാദ്ധ്യത നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

***40% ൽ താഴെ വൈകല്യമുള്ള കുട്ടികൾക്കും, പട്ടികയിൽ ഉൾപ്പെടാത്ത കുട്ടികൾക്കും എന്നിവർക്ക് സാമ്പത്തിക സഹായം നൽകാവുന്നതല്ല. അനുവദിക്കപ്പെട്ട തുക ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി മാത്രമേ നൽകുവാൻ പാടുള്ളൂ.*** ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി ഓഫീസുകളിൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പൂർണ്ണ ഉത്തരവാദികളായിരിക്കുന്നതും, ടി ഉത്തരവിലെ നിർദ്ദേശങ്ങൾ ലംഘിച്ചതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതുമാണ്. അനുവദിക്കപ്പെട്ട തുകയുടെ വിതരണവും, ആയത് കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വഴി മാത്രമേ വിതരണം നടത്തുന്നുള്ളൂ എന്നും അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിക്കേണ്ടതും, ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

കെ.വി.മോഹൻകുമാർ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :

1) അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (അക്കാഡമിക്) (സി.എ മുഖാന്തിരം)
2) ജോയിന്റ് ഡയറക്ടർ (അക്കാഡമിക്) (സി.എ മുഖാന്തിരം)
3) സീനിയർ ഫിനാൻസ് ഓഫീസർ, ) (സി.എ മുഖാന്തിരം)
4) സൂപ്രണ്ട്, ബഡ്ജറ്റ് സെക്ഷൻ, കെ സെക്ഷൻ, പ്ലാനിംഗ് സെക്ഷൻ
5) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
6) സ്റ്റോക്ക് ഫയൽ.